# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 2709 — 02.04.2013 - ൽ മറുപടിക്ക്

## സ്പെഷ്യൽ സ്കൂളുകൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ | | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ബുദ്ധി വൈകല്യമുള്ള കുട്ടികൾക്ക് വേണ്ടി എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ സർക്കാർ മേഖലയിൽ എത്ര; സന്നദ്ധ സംഘടനകൾ നടത്തുന്നത് എത്ര; | (എ) | സംസ്ഥാനത്ത് മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ PWD Act/Rules പ്രകാരം രജിസ്ട്രേഷൻ നൽകിയ 278 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ സർക്കാർ/എയ്ഡഡ് സ്കൂളുകൾ നിലവിലില്ല. സ്കൂളുകൾ എൻ.ജി.ഒ.കൾ നടത്തുന്നവയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്നവയുമാണ്. എന്നാൽ തിരുവനന്തപുരം, പാങ്ങപ്പാറയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനമായ സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം ലഭ്യമാക്കുന്നുണ്ടോ; | (ബി) | ബുദ്ധിവൈകല്യമുള്ള കുട്ടികൾക്കു വേണ്ടി പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ദീൻദയാൽ റീഹാബിലിറ്റേഷൻ സ്കീം പ്രകാരം ധനസഹായം ലഭിക്കുന്നുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് ഇത്തരം സ്ഥാപനങ്ങൾക്ക് ധന സഹായം നൽകി വരുന്നു. ഈ വർഷം 10 കോടി രൂപ അനുവദിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മതിയായ വേതനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) അദ്ധ്യാപകർക്കും ജീവനക്കാർക്കും സർക്കാർ നേരിട്ട് വേതനം നൽകുന്നില്ല. ബന്ധപ്പെട്ട NGO/LSG -ക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്തിൽ നിന്നും അദ്ധ്യാപകർക്കും ജീവന ക്കാർക്കും ഓണറേറിയം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ.